ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൦ ആഫീസറന്മാരേയും, ൧൯൫൧ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരേയും പിരിച്ചുവിട്ടുകഴിഞ്ഞു. കൂടാതെ മറ്റു ആഫീസറന്മാരേയും, ഇനിയും താഴ്ന്ന ഉദ്യോഗസ്ഥന്മാരേയും അടുത്തുതന്നെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അറിയുന്നു.

(ബി) പിരിച്ചു വിട്ടവരിൽ ൧൦ ആഫീസറന്മാർക്കും നൂറിൽ കൂടുതൽ ശിപായിമാർക്കും മറ്റുദ്യോഗങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്.

പോലീസ് അഴിമതികളും അക്രമങ്ങളും

൨൨ *(൯) ശ്രീ. ടി. എസ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കുന്ദംകുളം പോലീസ് സബ് ഇൻസ്പെക്ടർ നാരായണൻ നമ്പീശൻ ഒരു കുടുംബ അഴിമതിക്കാരനും, അക്രമക്കാരനുമാണെന്നു കാണിച്ച് ഗവർമ്മെൻറിലേക്ക് വല്ല ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) കരിക്കാട് കുടിയിറക്ക് (വെളുത്തേടത്തു രാമുണ്ണിനായരുടെ കുടുംബത്തെ) പറ്റിനാനാ പുലയൻ ചക്കനെ കുടിയിറക്കിന്റെ പേരിൽ നടത്തിയ മർദ്ദനം, ചെമ്മണ്ണൂർ ശിശുവധക്കേസ് ചുമത്തി നിരപരാധികളായ സ്ത്രീകളെ മർദ്ദിക്കൽ തുടങ്ങിയ പരാതികൾ ഗവർമ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ആവക ആക്ഷേപങ്ങളേക്കുറിച്ച് ഗവർമ്മെൻറ് എന്തു നടപടിയാണ് നടത്തിയിട്ടുള്ളതു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിലിരിക്കയാണ്.

റേഷൻ ഷാപ്പുകൾക്കു വേണ്ടിയുള്ള ലൈസൻസു്

൨൩. (൧൭) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പുതുതായി റേഷൻ ഷാപ്പുകൾ നടത്തുന്നതിനുള്ള ലൈസൻസുകൾക്കുവേണ്ടി എത്ര അപേക്ഷകൾ ഇക്കൊല്ലം ലഭിച്ചിട്ടുണ്ട്;

(ബി) ആ അപേക്ഷകൾ അനുസരിച്ച് എത്ര ഷാപ്പുകൾ ഇക്കൊല്ലം തുടങ്ങിയിട്ടുണ്ട്;

(സി) എത്ര അപേക്ഷകൾ നിലവിലുണ്ട്;

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൦.

(ബി) ൭.

(സി) ൧൫൪.

Starred Questions posted for Answer on 9th March 1951

ക്ഷാമനിവാരണം

*൨൯൨. (൨) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly